"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഭാരത അന്താരാഷ്ട്ര വ്യാപാരമേള 2022 - ന്യൂഡൽഹി - മേളയിൽ പങ്കെടുക്കുന്നതിന് അനുമതിയും ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും ആയിരം രൂപ നിരക്കിൽ നൽകുന്നതിന് യഥേഷ്ടാനുമതിയും പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച ബജറ്റ് എസ്റ്റിമേറ്റ് അംഗീകാരവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡി ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2661/2022/LSGD തീയതി,തിരുവനന്തപുരം, 02-11-2022

---

പരാമർശം:- 1. പഞ്ചായത്ത് ഡയറക്ടറുടെ 20.10.2022തീയതിയിലെ PAN/15489/2022-G2(DP) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2022 നവംബർ 14 മുതൽ 27 വരെ ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ വച്ച് നടക്കുന്ന 41-ാമത് ഭാരത അന്താരാഷ്ട്ര വ്യാപാര മേളയിൽ പങ്കെടുക്കുന്നതിന് അനുമതിയും ടി മേളയുടെ ആവശ്യത്തിനായുള്ള ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരവും ആയതിനാവശ്യമായ തുക ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും ആയിരം രൂപ നിരക്കിൽ ലഭ്യമാക്കുന്നതിന് യഥേഷ്ടാനുമതിയും നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മുൻകാലങ്ങളിൽ നടന്നിട്ടുള്ള ഭാരത അന്താരാഷ്ട്ര വ്യാപാര മേളയിൽ പഞ്ചായത്ത് വകുപ്പിന് മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടുള്ളതും ആയതിനു പുരസ്കാരങ്ങൾ കരസ്ഥമാക്കിയിട്ടുള്ളതുമാണ്. നടപ്പു വർഷവും സംസ്ഥാനത്തെ പഞ്ചായത്ത് വകുപ്പിന്റെ സാന്നിധ്യം പ്രസ്തുത മേളയിൽ ഉറപ്പു വരുത്തുന്നത് ഗുണകരമാകുമെന്ന് സർക്കാർ കാണുന്നു. മേൽ സാഹചര്യത്തിൽ ന്യൂഡൽഹിയിൽ 2022നവംബർ 14 മുതൽ 27 വരെ നടക്കുന്ന 39-ാമത് ഭാരത അന്താരാഷ്ട്ര വ്യാപാര മേളയിൽ പങ്കെടുക്കുന്നതിന് പഞ്ചായത്ത് വകുപ്പിന് അനുമതിയും ടി മേളയുടെ ആവശ്യത്തിനായി പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച 15,25,000/- (പതിനഞ്ച് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം) രൂപയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റിന് അംഗീകാരവും ആയതിലേക്കായി ഗ്രാമ

പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും ആയിരം രൂപ നിരക്കിൽ പഞ്ചായത്ത് ഡയറക്ടർക്ക് ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും യഥേഷ്ടാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, ഐ & പി.ആർ വകുപ്പ്

ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Nisam N**
**Date: 02-11-2022 11:20:49**
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി